*ഉത്തരം*

(എ) പി. എ. പി. കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. 30 വർഷം കഴിയുന്ന മുറയ്ക്ക് കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

(ബി) പി. എ. പി. കരാറിലെ വ്യവസ്ഥ പ്രകാരം തമിഴ്നാടിന് നൽകേണ്ട ആന മലയാറിലെ ജലവും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ തമിഴ്നാടിന് നൽകേണ്ട നീരാറിലെ ജലവും തമിഴ്നാടിന് കൊടുക്കാതിരിക്കുന്നത് കേരളത്തിനു കിട്ടുന്ന പ്രയോജനമാണ്. പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലെ യഥാർത്ഥ ജലവിഹിതം ആനുപാതികമായി പുനർനിർണ്ണയിക്കാത്തതുകൊണ്ട് പറമ്പിക്കുളം ഗ്രൂപ്പിൽ നിന്നും കേരളത്തിലെ പാലക്കാട് ജില്ലയ്ക്ക് ലഭ്യമാക്കേണ്ട ജലം തരാതിരിക്കുന്നത് തമിഴ്നാടിനു ലഭിക്കുന്ന പ്രയോജനമാണ്.

(സി) നിയമ നടപടികളിലേക്ക് നീങ്ങിയാലുണ്ടാകാവുന്ന കാലതാമസം പരിഗണിച്ച് ഉഭയകക്ഷി ചർച്ചകളിലൂടെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുവാനാണ് ഇരുസംസ്ഥാനങ്ങളും ശ്രമിക്കുന്നത്.

(ഡി) ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ നിയമോപദേശത്തിന് വിധേയമായി ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ഇ) ഇതിന് കരാറിൽ വ്യവസ്ഥയില്ല.

**മണക്കടവ് വിയറിൽ നിന്നും ലഭിക്കുന്ന വെള്ളം ചോർത്തൽ**

81 [3778] *ശ്രീ. എം. എ. വാഹീദ്:*
*ശ്രീമതി ശോഭനാ ജോർജ്:*
*ശ്രീ. കെ. ബാബു:*
,, *എൻ. ഡി. അപ്പച്ചൻ:*
,, *എം. എ. ചന്ദ്രശേഖരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണക്കടവ് വിയറിൽ നിന്നും സംസ്ഥാനത്തിന് എത്ര വെള്ളമാണ് കിട്ടേണ്ടത്;

(ബി) ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര വെള്ളം വീതമാണ് കേരളത്തിന് കിട്ടിയിട്ടുള്ളത്;

(സി) ഇപ്രകാരം തരുന്ന വെള്ളത്തിൽ ഫ്ളഡ് വാട്ടർ പെടുമോ;

(ഡി) മണക്കടവിൽ നിന്ന് കേരളത്തിന് വിട്ടുതരുന്ന വെള്ളം തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള കനാലിലും പ്രദേശത്തും കൂടിയാണോ കേരളത്തിലെത്തേണ്ടത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ മണക്കടവിൽ നിന്ന് വെള്ളം അളന്ന് വിട്ടുതന്നശേഷവും അത് കേരളത്തിലെത്തുന്നതിനു മുൻപായി അതിൽനിന്നും തമിഴ്നാട്ടിലുള്ളവർ പമ്പ് വച്ച് വെള്ളം എടുക്കുന്നതിനെതിരെ എന്ത് നടപടിയെടുത്തു എന്നറിയിക്കുമോ?

*ഉത്തരം*

(എ) പി.എ.പി. കരാർ പ്രകാരം മണക്കടവ് വിയറിൽ സംസ്ഥാനത്തിന് പ്രതിവർഷം 7.25 ടി.എം.സി. ജലം ലഭിക്കേണ്ടതാണ്.

(ബി) കഴിഞ്ഞ 5 വർഷത്തിൽ മണക്കടവ് വിയറിൽ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് ഇപ്രകാരമാണ്.

| *ജലവർഷം* | *റിലീസ് ചെയ്ത ജലത്തിന്റെ അളവ് (എം. സി. അടി)* | *സ്വീകരിച്ച ജലത്തിന്റെ അളവ് (എം. സി. അടി)* |
|---|---|---|
| 1999-2000 | 10283 | 7704 |
| 2000-2001 | 9083 | 7823 |
| 2001-2002 | 7857 | 7215 |
| 2002-2003 | 6736 | 6245 |
| 2003-2004 | 4722 | 3647 |

(സി) ഇല്ല.

(ഡി) മണക്കടവിൽ കേരളത്തിനു അളന്നു കിട്ടുന്ന വെള്ളം തമിഴ്നാടിന്റെ പ്രദേശത്ത് കൂടിയാണ് ഒഴുകി എത്തുന്നത്.

(ഇ) മണക്കടവിനും മൂലത്തറ റഗുലേറ്ററിനും ഇടയ്ക്ക് തമിഴ്നാട് കർഷകർ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പമ്പുസെറ്റുകളുടെ വിവരം കേരളം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പമ്പുസെറ്റുകൾ നീക്കംചെയ്യണമെന്ന് എല്ലാ മന്ത്രിതല, മുഖ്യമന്ത്രിതല, ഉദ്യോഗസ്ഥതല ചർച്ചകളിലും കേരളം തമിഴ്നാടിനോടാവശ്യപ്പെട്ടിട്ടുണ്ട്. തമിഴ്നാട് മുഖ്യമന്ത്രിയുമായി 6-11-2004-ൽ ചെന്നൈയിൽ വെച്ച് നടന്ന അന്തർ സംസ്ഥാന മുഖ്യമന്ത്രിതല ചർച്ചയിൽ കേരളം ആവശ്യപ്പെട്ടപ്രകാരം മൂലത്തറ റെഗുലേറ്ററിനും മണക്കടവ് വിയറിനും ഇടയിൽ സ്ഥാപിച്ചിട്ടുള്ള അനധികൃത പമ്പ്സെറ്റുകൾ ഉടനടി നീക്കം ചെയ്യുന്നതാണെന്ന് തമിഴ്നാട് മുഖ്യമന്ത്രി കേരളത്തിന് ഉറപ്പു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly